**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1486** **14-03-2022 - ൽ മറുപടിയ്ക്ക്**

**കരിപ്പൂർ വിമാനത്താവള സ്ഥലമെടുപ്പ് വകുപ്പിലെ ജീവനക്കാരുടെ ശമ്പളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കരിപ്പൂർ വിമാനത്താവള സ്ഥലമെടുപ്പ് വകുപ്പിലെ ജീവനക്കാർക്ക് 1510-61ബി-030 ശീർഷകത്തിൽ തുടർച്ചാനുമതി ലഭിക്കാത്തതിനാൽ ആറ് മാസത്തിലേറെയായി ശമ്പളം ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ? | (എ) | കരിപ്പൂർ വിമാനത്താവള വികസനത്തിന്റെ സ്ഥലമെടുപ്പിനായി 12 തസ്തികകൾ അടങ്ങിയ ഡെപ്യൂട്ടി കളക്ടർ കാര്യാലയം പ്രവർത്തിച്ചു വരുന്നുണ്ട്. കോഴിക്കോട് എയർപോർട്ടിന്റെ റൺവെ ദീർഘിപ്പിക്കൽ, ടെർമിനൽ വികസനം കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങളുടെ പുനരധിവാസം എന്നിവയ്ക്കായി മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി, പള്ളിക്കൽ, നെടിയിരുപ്പ വില്ലേജുകളിൽ ഉൾപ്പെട്ട 485.3 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി എയർപോർട്ട് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ 05/06/2017 ജി.ഒ.(പി) നമ്പർ 38/2017/RD പ്രകാരം LARR Act, 2013 സെക്ഷൻ 4(1) പ്രകാരം സാമൂഹിക ആഘാത പഠനം നടത്തുന്നതിന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ പ്രദേശവാസികളുടെ ശക്തമായ എതിർപ്പിനെ തുടർന്ന് സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടില്ല. തുടർന്ന് 16/01/2020 ലെ ജി.ഒ.(പി) നമ്പർ .5/2020/RD പ്രകാരം കാർ പാർക്കിംഗ് സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് വേണ്ടി 15.5 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി വീണ്ടും 4(1) വിജ്ഞാപനം പുറപ്പെടുവിച്ചുവെങ്കിലും പ്രദേശവാസികളുടെ ശക്തമായ എതിർപ്പിനെ തുടർന്ന് ഉപേക്ഷിക്കേണ്ടി വന്നു. സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (എൽ.എ) എയർപോർട്ട്, കരിപ്പൂർ യൂണിറ്റ് മുഖനേ യാതൊരുവിധ സ്ഥലമേറ്റെടുക്കലും സാധിക്കാതെ വന്നതിനാൽ 14/05/2021 ലെ ജി.ഒ.(ആർ.റ്റി) നമ്പർ.1663/2021/RD പ്രകാരം 31.05.2021 വരെ തുടർച്ചാനുമതി നൽകികൊണ്ട് പ്രസ്തുത യൂണിറ്റ് നിർത്തലാക്കുകയുണ്ടായി. എന്നാൽ വിവിധ കോണുകളിൽ നിന്നുള്ള എതിർപ്പിന്റെ അടിസ്ഥാനത്തിൽ 02.06.2021 ലെ ജി.ഒ.(ആർ.റ്റി) നമ്പർ.1918/2021/RD പ്രകാരം |

| | | | |
|---|---|---|---|
| | | | നിർത്തലാക്കാൻ തീരുമാനിച്ച ഉത്തരവ് മരവിപ്പിക്കുകയുണ്ടായി. തുടർന്ന് ബഹു കായിക, വഖഫ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18.10.2021ൽ നടന്ന യോഗത്തിൽ റൺവേ വികസനം കൂടി ഉൾപ്പെടുത്തികൊണ്ടുള്ള ഭൂമി ഏറ്റെടുക്കലാണ് ആവശ്യമെന്ന് തീരുമാനിക്കുകയുണ്ടായി. എന്നാൽ എയർപോർട്ട് അതോറിറ്റിയിൽ നിന്നുള്ള പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാകാത്തതിനാൽ സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകാനോ സ്ഥലമേറ്റെടുക്കൽ നടപടികൾക്കായി രൂപീകരിച്ച സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (എൽ.എ) എയർപോർട്ട്, കരിപ്പൂർ യൂണിറ്റിന്റെ തുടർച്ചാനുമതി ശുപാർശ ചെയ്തു കൊണ്ടുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് സമർപ്പിക്കാനോ കഴിഞ്ഞിട്ടില്ല. പുതുക്കിയ അർത്ഥന ലഭിക്കുന്ന മുറക്ക് പ്രസ്തുത യൂണിറ്റിന്റെ തുടർച്ചാനുമതിക്കാവിശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ